● അബ്ദുൽ അസീസ് അൻസാരി പൊന്മുണ്ടം

# ഖബ്‌റാരാധനക്കെതിരായ താക്കീത്

**മരണത്തിന്റെ** അഞ്ചുനാൾ മുമ്പ് നബി(സ)ക്ക് രോഗം കഠിനമാവുകയും ബോധക്ഷയമുണ്ടാവുകയും ചെയ്തു. കഠിനമായ വേദനയാൽ പ്രവാചകൻ പറയുന്നുണ്ടായിരുന്നു: 'വ്യത്യസ്ത കിണറുകളിൽനിന്ന് കൊണ്ടുവന്ന ഏഴു പാത്രം വെള്ളം എന്റെ മേലൊഴിക്കുക. എനിക്ക് ജനങ്ങളുടെ അടുക്കൽ പോയി ചില മുന്നറിയിപ്പുകൾ നൽകാനുണ്ട്.' വെള്ളമൊഴിച്ചപ്പോൾ അല്പം ആശ്വാസം തോന്നി. മുണ്ട് തലയിൽ ചുറ്റി പള്ളിയിൽ ചെന്ന് മിമ്പറിൽ കയറി അനുയായികളോട് പറഞ്ഞു: 'ജൂത ക്രൈസ്തവരുടെമേൽ അല്ലാഹുവിന്റെ ശാപമുണ്ടായി. തങ്ങളുടെ പ്രവാചകന്മാരുടെ ഖബ്‌റുകൾ അവർ ആരാധനാലയങ്ങളാക്കിയതുകൊണ്ട്!'(ബുഖാരി). 'അറിയുക. നിങ്ങളുടെ മുൻഗാമികൾ തങ്ങളുടെ പ്രവാചകന്മാരുടെയും പുണ്യവാളന്മാരുടെയും ഖബ്‌റുകൾ ആരാധനാലയങ്ങളാക്കിയിരുന്നു. നിങ്ങൾ ഖബ്‌റുകളെ ആരാധനാലയങ്ങളാക്കരുത്. ഞാനത് നിങ്ങൾക്ക് നിരോധിക്കുന്നു' (മുസ്‌ലിം). മുൻ പ്രവാചകന്മാരുടെ ഖബ്‌റുകൾക്കുണ്ടായ പരിണതി തന്റെ ഖബ്‌റിനു വന്നുഭവിക്കാതിരിക്കാൻ അവിടുന്ന് പ്രാർഥിക്കുകകൂടി ചെയ്തു: 'അല്ലാഹുവേ എന്റെ ഖബ്‌റിനെ ആരാധിക്കപ്പെടുന്ന ഒരു വിഗ്രഹമാക്കരുതേ. പ്രവാചകന്മാരുടെ ഖബ്‌റുകളെ ആരാധനാലയങ്ങളാക്കി മാറ്റിയ ജനതയെ അല്ലാഹു ശപിച്ചിരിക്കുന്നു' (അഹ്മദ്).

താൻ വളർത്തിയെടുത്ത ആദർശ സമൂഹത്തിന് കളങ്കം ചാർത്തുന്ന പ്രവർത്തനങ്ങളൊന്നും നിങ്ങളിൽ നിന്നുണ്ടാവരുത് എന്നാണ് നബി(സ) പറയുന്നത്. ഖബ്‌റുകളുമായി ബന്ധപ്പെട്ട് ഇതര വിഭാഗങ്ങളിൽ കണ്ടുവരുന്ന ബഹുദൈവ വിശ്വാസപരമായ പ്രവർത്തനങ്ങളൊന്നും ഏകദൈവ വിശ്വാസികളായ നിങ്ങൾ അനുകരിക്കരുത്. മരണ സ്മരണ നിലനിർത്താനും ഖബ്‌റാളികൾക്കു വേണ്ടി പ്രാർഥിക്കാനുമല്ലാതെ ഭൗതികമായ ഉദ്ദേശ്യസാധ്യങ്ങൾക്കായി ഖബ്‌റുകൾ സന്ദർശിക്കുകയോ, അവ കെട്ടിപ്പൊക്കുകയോ, അവയെ തീർഥാടന കേന്ദ്രങ്ങളോ ആരാധനാ സ്ഥലങ്ങളോ ആക്കുകയോ ചെയ്യരുത്. ഇസ്‌ലാം ശക്തമായി വിലക്കിയ കാര്യങ്ങളാണവ.

പ്രവാചകന്റെ ഈ അന്ത്യോപദേശങ്ങളെപ്പോലും മുസ്‌ലിംകൾ കാറ്റിൽ പറത്തുകയല്ലേ? മുസ്‌ലിം സമുദായത്തിലെ ഒരു പറ്റം ആളുകളുടെ അവസ്ഥയെന്താണ്? മഹാന്മാരുടെ ഖബ്‌റുകൾ ജാറങ്ങളാക്കി കെട്ടിപ്പൊക്കുന്നു. എന്നിട്ട് അവയോടനുബന്ധിച്ച് ഉറൂസുകളും ചന്ദനക്കുടങ്ങളും ആണ്ടു നേർച്ചകളും സിയാറത്തു ടൂറുകളും പൊടിപൊടിക്കുന്നു. ഇത്തരം കേന്ദ്രങ്ങളിൽ നിന്ന് ലഭിക്കുന്ന വരുമാനം കൊണ്ടുമാത്രം നിലനിൽക്കുന്ന വലിയ വലിയ സ്ഥാപനങ്ങൾ ഇന്ന് കേരളത്തിൽ ചിലയിടങ്ങളിൽ കാണാം. മുടക്കുമുതലില്ലാത്ത ഈ 'ആത്മീയ വ്യവസായ'ത്തിന്റെ വമ്പിച്ച വിജയ സാധ്യത കണ്ടുകൊണ്ടാകാം ഇത്തരം 'പുണ്യ കേന്ദ്രങ്ങൾ' പുതുതായി തുടങ്ങാൻ മാത്രമല്ല നിലവിലുള്ളവ അതിന്റെ നടത്തിപ്പുകാരിൽ നിന്ന് കോടികൾ വില പറഞ്ഞ് വാങ്ങാനും മതപുരോഹിതന്മാരും സംഘടനകളും മത്സരിക്കുന്നത്. വിശുദ്ധ ഖുർആൻ പാരായണം ചെയ്ത് ജാഹിലിയ്യത്തിന്റെ ഇത്തരം കേന്ദ്രങ്ങൾ ഉദ്ഘാടനം ചെയ്യുന്നു പണ്ഡിത വേഷധാരികളായ പുരോഹിതന്മാർ.

ഇസ്‌ലാം പ്രോത്സാഹിപ്പിച്ച ഖബ്ർ സിയാറത്തിനെ തെറ്റായി വ്യാഖ്യാനിച്ച് ഖബ്‌റാരാധനയെ ന്യായീകരിക്കുകയും വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്യാനാണ് അന്ധവിശ്വാസ കച്ചവടക്കാരായ പുരോഹിതന്മാർ ശ്രമിക്കാറുള്ളത്. ജൂത-ക്രൈസ്തവ ശിർക്കൻ ആചാരങ്ങൾ ഇസ്‌ലാമികവൽക്കരിക്കാൻ ഖുർആൻ സൂക്തങ്ങളെയും ഹദീസുകളെയും വ്യാഖ്യാനിക്കുന്നതിൽ തുടങ്ങി, ആയത്തുകളുടെ ഹർകത്തുകൾ മാറ്റിമറിക്കുന്നേടത്ത് വരെ കാര്യങ്ങളെത്തി! ആഗ്രഹ സഫലീകരണത്തിന്, മക്കളുണ്ടാകാൻ, ഗൾഫിൽ പോയ മകന് ജോലി ശരിയാകാൻ, മകളുടെ വിവാഹം നടന്നുകിട്ടാൻ..... തുടങ്ങി മാനസിക രോഗശമനത്തിനും സാമ്പത്തിക സുസ്ഥിതിക്കും വരെ ജാറങ്ങൾ തേടിപ്പോകുന്ന പതിനാ

**താൻ വളർത്തിയെടുത്ത ആദർശസമൂഹത്തിന് കളങ്കം ചാർത്തുന്ന പ്രവർത്തനങ്ങളൊന്നും നിങ്ങളിൽ നിന്നുണ്ടാവരുത് എന്നാണ് നബി(സ) പറയുന്നത്. ഖബ്‌റുകളുമായി ബന്ധപ്പെട്ട് ഇതര വിഭാഗങ്ങളിൽ കണ്ടുവരുന്ന ബഹുദൈവ വിശ്വാസപരമായ പ്രവർത്തനങ്ങളൊന്നും ഏകദൈവ വിശ്വാസികളായ നിങ്ങൾ അനുകരിക്കരുത്. മരണസ്മരണ നിലനിർത്താനും ഖബ്‌റാളികൾക്കു വേണ്ടി പ്രാർഥിക്കാനുമല്ലാതെ ഭൗതികമായ ഉദ്ദേശ്യസാധ്യങ്ങൾക്കായി ഖബ്‌റുകൾ സന്ദർശിക്കുകയോ, അവ കെട്ടിപ്പൊക്കുകയോ, അവയെ തീർഥാടന കേന്ദ്രങ്ങളോ ആരാധനാ സ്ഥലങ്ങളോ ആക്കുകയോ ചെയ്യരുത്.**

യിരങ്ങളെ തൗഹീദിന്റെ വാഹകരാകേണ്ട മുസ്‌ലിം സമുദായത്തിൽ കാണാവുന്നതാണ്. പ്രപഞ്ച നാഥന്റെ മുമ്പിൽ മാത്രം സമർപ്പിക്കേണ്ട ഇത്തരം ആവശ്യങ്ങൾക്കായി മഖ്ബറകളെ ആശ്രയിക്കുന്നത് മാപ്പർഹിക്കാത്ത കുറ്റമാണ്.

പൂർവികർക്ക് വന്നു ഭവിച്ച ഇത്തരം വിപത്തുകളിൽ നിന്ന് തന്റെ സമുദായത്തെ രക്ഷിക്കാൻ നബി ശക്തമായ മുന്നറിയിപ്പുകളാണ് നൽകിയിട്ടുള്ളത്. തന്റെ ഖബ്ർ ആരാധനാകേന്ദ്രമാക്കുന്നത് അദ്ദേഹം കർശനമായി നിരോധിച്ചു: 'നിങ്ങൾ ഭവനങ്ങൾ ഖബ്റിടങ്ങളാക്കരുത്. എന്റെ ഖബറിനെ ഉത്സവ കേന്ദ്രവുമാക്കരുത്. എന്നാൽ എന്റെ മേൽ സ്വലാത്ത് ചൊല്ലിക്കോളൂ. നിങ്ങളെവിടെയാണെങ്കിലും നിങ്ങളുടെ സ്വലാത്ത് എനിക്കെത്തുന്നതാണ്'(അബൂദാവൂദ്). ഈ നൂതനാചാരം കടന്നുവരാൻ സാധ്യതയുള്ള സകല വഴികളും അവിടുന്ന് കൊട്ടിയടക്കുകയും ചെയ്തു. ഖബ്ർ കെട്ടിപ്പൊക്കുക, ചായം പൂശുക, അവിടെ വിളക്ക് കത്തിക്കുക, അതിന്നഭിമുഖമായി നമസ്കരിക്കുക, അതിന്മേൽ ഇരിക്കുക തുടങ്ങിയ കാര്യങ്ങളെല്ലാം അവിടുന്ന് നിരോധിച്ചു. കെട്ടിപ്പൊക്കിയ ഖബ്റുകൾ നിരപ്പാക്കിയതും അതിനായി അനുയായികളോട് നിർദേശിച്ചതും ഈ ഉദ്ദേശ്യാർഥമായിരുന്നു. മക്കയിലെ തന്റെ പ്രബോധനത്തിന്റെ ആദ്യ ഘട്ടത്തിൽ ഖബ്ർ സിയാറത്ത് നിരുപാധികം നിരോധിച്ചതിന്റെ കാരണവും മറ്റൊന്നായിരുന്നില്ല.

സ്വഹാബികളും താബിഉകളുമെല്ലാം ഈ നിർദേശങ്ങൾ അക്ഷരംപ്രതി പാലിച്ചു. അതുകൊണ്ടാണ് ലക്ഷക്കണക്കിനു പ്രവാചകന്മാരുടെയും പതിനായിരക്കണക്കിനു സ്വഹാബിമാരുടെയും ഖബ്റുകൾ എവിടെയാണെന്നുപോലും അറിയാതെ അജ്ഞാതമായോ അനിർണിതമായോ കിടക്കുന്നത്. മഹാന്മാരുടെ ഖബ്റുകൾ തേടിപ്പിടിച്ച് അവയുടെ മേൽ കെട്ടിടവും ഗോപുരവുമുണ്ടാക്കി നിരന്തരം സിയാറത്ത് നടത്തി ആരാധനാലയങ്ങളാക്കി മാറ്റുന്നത് അവർ അങ്ങേയറ്റം ഭയപ്പെട്ടിരുന്നു എന്നാണല്ലോ ഇതിൽനിന്ന് മനസ്സിലാകുന്നത്. ഖബ്റുകളുമായി ബന്ധപ്പെട്ട് നമ്മുടെ സമൂഹത്തിൽ നടക്കുന്നവിധമുള്ള കർമങ്ങൾ പുണ്യങ്ങളാണെന്ന് അവർ മനസ്സിലാക്കിയിരുന്നെങ്കിൽ, നമ്മെപ്പോലെ ഫലസിദ്ധികൾക്കായി അവർ ഖബ്റുകളെ സമീപിച്ചിരുന്നെങ്കിൽ ജാറങ്ങളാലും മശ്ഹദുകളാലും മഹ്ളറകളാലും മുസ്‌ലിം ലോകം വിശിഷ്യാ മക്കയും മദീനയുമെല്ലാം നിറയുമായിരുന്നു.

ബൈഅത്തുരിള്‌വാൻ നടന്ന സ്ഥലത്തുള്ള വൃക്ഷം ലക്ഷ്യം വെച്ച് ആളുകൾ പോകുന്നു എന്നറിഞ്ഞ ഉടൻ ഭരണാധികാരിയായിരുന്ന ഉമർ(റ) അത് മുറിച്ചു കളയാൻ കല്പന പുറപ്പെടുവിച്ചതും, തസ്തർ പട്ടണം പിടിച്ചടക്കിയപ്പോൾ ഹുർമുസാന്റെ കൊട്ടാരത്തിലുണ്ടായിരുന്ന, ക്ഷാമകാലത്ത് അവിടത്തുകാർ പുറത്തെടുത്ത് പ്രാർഥിക്കാറുണ്ടായിരുന്ന, ദാനിയേൽ പ്രവാചകന്റേതെന്ന് വിശേഷിപ്പിക്കപ്പെടുന്ന മൃതദേഹം രാത്രി ആരാരുമറിയാതെ പതിമൂന്നു ഖബ്റുകൾ കുഴിച്ച് അവയിലൊന്നിൽ രഹസ്യമായി മറമാടിയതും (ഇബ്നു തൈമിയ്യ; ഇഖ്തിദാഉസ്സിറാത്തിൽ മുസ്തഖീം) ശിർക്കിനെതിരെ സ്വഹാബികൾ എത്രത്തോളം ജാഗ്രത പുലർത്തിയിരുന്നു എന്നതിനുള്ള തെളിവാണ്. ജീവിത കാലത്ത് ഒരിക്കൽപോലും മാതാപിതാക്കളെ അനുസരിക്കുകയോ അവരുടെ ആഗ്രഹങ്ങൾ സാക്ഷാൽക്കരിക്കാനായി രംഗത്തിറങ്ങുകയോ ചെയ്യാത്ത മക്കൾ പക്ഷേ, മാതാപിതാക്കളുടെ മരണാനന്തരം ചിലപ്പോൾ പറയാറുണ്ട്: 'ഇതെന്റെ ഉപ്പയുടെ അവസാന വസ്വിയ്യത്താണ്. ഇതെന്റെ ഉമ്മയുടെ അവസാന ആഗ്രഹമാണ്. ആയതിനാൽ ഇതെങ്കിലും ഞാൻ നിറവേറ്റട്ടെ'. അല്ലാഹുവിന്റെയും തിരുദൂതരുടെയും കല്പനകളോടുള്ള നമ്മുടെ സമീപനത്തിൽ ധിക്കാരികളായ ഈ മക്കളുടെ മര്യാദപോലും ഇല്ലാതെ പോകുന്നുണ്ടോ?

## പ്രതികാരത്തിനുവേണ്ടി സ്വയം സമർപ്പിക്കുന്നു

അന്തേമിമ്പറിൽവെച്ച് സ്വന്തം ശരീരത്തെ മറ്റുള്ളവർക്ക് പ്രതികാരം ചെയ്യാനായി സമർപ്പിച്ചുകൊണ്ട് നബി(സ) പറഞ്ഞു: 'ഞാൻ ആരുടെയെങ്കിലും മുതുകിൽ അടിച്ചിട്ടുണ്ടെങ്കിൽ ഇതാ എന്റെ മുതുക്. അവർ പ്രതികാരം ചെയ്തുകൊള്ളട്ടെ. ഞാൻ ആരെയെങ്കിലും ചീത്തവിളിച്ച് അഭിമാനക്ഷതം വരുത്തിയിട്ടുണ്ടെങ്കിൽ എന്റെ അഭിമാനമിതാ. അവർ പകരം ചെയ്തുകൊള്ളട്ടെ. ആരുടെയെങ്കിലും ധനം ഞാൻ എടുത്തിട്ടുണ്ടെങ്കിൽ ഇതാ എന്റെ ധനം. അവൻ അതെടുത്തുകൊള്ളട്ടെ. എനിക്കതിൽ വെറുപ്പുണ്ടാകുമെന്ന് യാതൊരു ഭയവും വേണ്ട. അതെന്റെ സ്വഭാവമല്ല. നിങ്ങളിൽ എനിക്കേറ്റം പ്രിയപ്പെട്ടവൻ എന്റെ കൈവശം അവന്റെ അവകാശമുണ്ടായിട്ട് അത് തിരിച്ചെടുത്തവനത്രെ. ഒരാളിൽനിന്നും അക്രമിച്ചെടുത്ത ഒന്നും എന്റെ കൈവശമില്ലതന്നെ'. പ്രവാചകന്റെ വചനം കേട്ട് ഒരാൾ മാത്രം മുന്നോട്ടുവന്നു. 'എന്താണു താങ്കൾക്ക് ഞാൻ തരാനുള്ളത്?' -പ്രവാചകൻ ചോദിച്ചു. അയാൾ: 'അങ്ങയുടെ സമീപത്തുകൂടെ ഒരു യാചകൻ നടന്നുപോകവെ അയാൾക്ക് മൂന്നു ദിർഹം കൊടുക്കാൻ താങ്കൾ കല്പിച്ചതു പ്രകാരം ഞാൻ കൊടുത്തത് അങ്ങ് ഓർക്കുന്നില്ലേ.' തുടർന്ന് പ്രവാചകൻ അത് കൊടുത്തുവീട്ടി. എന്നിട്ട് പറഞ്ഞു: 'ജനങ്ങളേ, ആരുടെയെങ്കിലും കൈവശം വഞ്ചിച്ചെടുത്ത വല്ലതുമുണ്ടെങ്കിൽ അതവൻ തിരിച്ചുകൊടുക്കട്ടെ' (അൽ ബിദായ വന്നിഹായ).

ജീവിതത്തിൽ ഒരാളെയും ബോധപൂർവം ഉപദ്രവിച്ചിട്ടില്ലാത്ത, ചീത്തവിളിക്കുകയോ അവഹേളിക്കുകയോ ചെയ്തിട്ടില്ലാത്ത, ശാരീരികമോ മാനസികമോ ആയ ഒരു തരത്തിലുള്ള തെറ്റിന്റെയും പേരിൽ ഒരാൾക്കും പരാതി പറയാൻ അവസരം നൽകാത്ത പ്രവാചകനാണിത് പറയുന്നത്. സവിശേഷമായ സ്വഭാവ ഗുണങ്ങളുടെ ഉടമയെന്ന് ഖുർആൻ വിശേഷിപ്പിച്ച, സൽസ്വഭാവങ്ങളുടെ പൂർത്തീകരണത്തിനായി നിയോഗിക്കപ്പെട്ട ദൈവദൂതൻ.

നമുക്കൊരുപാട് വിലപ്പെട്ട പാഠങ്ങൾ നൽകുന്നുണ്ട് ഈ സംഭവം. നാമെത്ര കണക്ക് തീർക്കാനുണ്ട്? ആരുടെയൊക്കെ സമ്പത്ത് നാം അന്യായമായി കൈയടക്കിയിട്ടുണ്ട്? അളവിലും തൂക്കത്തിലും കൃത്രിമം കാണിച്ചും വേലി ഇറക്കിക്കെട്ടിയും ആരുടെയൊക്കെ അഭിമാനത്തിന് ക്ഷതം വരുത്തിയിട്ടുണ്ട്? ആരെയൊക്കെ ദേഹോപദ്രവമേൽപിച്ചിട്ടുണ്ട്? അവയുടെയെല്ലാം കണക്ക് തീർത്തോ? സാമ്പത്തിക ഇടപാടുകളാണെങ്കിൽ തിരിച്ചുകൊടുത്തും മറ്റു തരത്തിലുള്ളവയാണെങ്കിൽ ആളുകളോട് മാപ്പു ചോദിച്ചും ആത്മാർഥമായി പശ്ചാത്തപിച്ചോ?

## അവസാന നാളുകളിലെ പ്രവർത്തനങ്ങൾ

എത്രയൊക്കെ ശാരീരികാസ്വസ്ഥതകളുണ്ടായിരുന്നെങ്കിലും മരണത്തിന്റെ നാലുദിവസം മുമ്പ് അന്നത്തെ മഗ്‌രിബ് വരെയുള്ള എല്ലാ നമസ്കാരങ്ങളും ജമാഅത്തായിട്ടായിരുന്നു നബി(സ) നമസ്കരിച്ചിരുന്നത്. ഇശാ നമസ്കാരത്തിന്റെ സമയമായപ്പോൾ പള്ളിയിൽ പോവാനാ

വാത്ത വിധം പ്രവാചകൻ അവശനായി. അന്നേരം അവിടുന്ന് ചോദിക്കുന്നുണ്ടായിരുന്നു. 'ജനങ്ങൾ നമസ്കരിച്ചോ?' കൂടെയുണ്ടായിരുന്നവർ പറഞ്ഞു. 'ഇല്ല, അവർ താങ്കൾ വരുന്നതും പ്രതീക്ഷിച്ചിരിക്കുകയാണ്.' അതു കേട്ട പ്രവാചകൻ വെള്ളമെടുക്കാൻ ആവശ്യപ്പെടുകയും അത് ശരീരത്തിലൊഴിക്കുകയും ചെയ്തു. അല്പം ആശ്വാസം തോന്നി. എഴുന്നേൽക്കാൻ ശ്രമിക്കെ ബോധക്ഷയമുണ്ടായി. ബോധം തെളിഞ്ഞപ്പോൾ പ്രവാചകൻ ചോദ്യം ആവർത്തിച്ചു. 'ജനങ്ങൾ നമസ്കരിച്ചോ?' ഇല്ലെന്ന മറുപടി കേട്ട് എഴുന്നേൽക്കാൻ ശ്രമിക്കവെ വീണ്ടും ബോധക്ഷയം. മൂന്നു പ്രാവശ്യം ഇതാവർത്തിച്ചപ്പോൾ അബൂബക്റിനോട് ഇമാമായി നിൽക്കാൻ നിർദേശിച്ചുകൊണ്ട് ആളെ അയച്ചു. അബൂബക്ർ ലോലഹൃദയനാണെന്നും ഖുർആൻ പാരായണം ചെയ്യുമ്പോൾ നിർത്താതെ കരയുന്നതുകൊണ്ട് ജനങ്ങൾക്ക് ഇമാമായി നിൽക്കാൻ കഴിയില്ലെന്നും ആഇശ തടസ്സവാദമുന്നയിച്ചെങ്കിലും നബി അത് പരിഗണിച്ചില്ല (ഇബ്നു ഹിശാം, *സീറതുന്നബവിയ്യ*). തുടർന്നുള്ള ദിവസങ്ങളിൽ അബൂബക്ർ ആണ് ജനങ്ങൾക്ക് നമസ്കാരത്തിന് നേതൃത്വം നൽകിയത്. നബി ജീവിച്ചിരിക്കെ പതിനേഴ് നമസ്കാരങ്ങൾ.

മരണത്തിന് രണ്ടു ദിവസം ബാക്കി. തലേന്ന് കുടുംബാംഗങ്ങൾ നൽകിയ ഔഷധ പാനീയത്തിന്റെ ഫലമായോ മറ്റോ രോഗത്തിന് അല്പം ശമനം അനുഭവപ്പെട്ടു. അന്നേരം ഫദ്ലു ബിൻ അബ്ബാസിന്റെയും അലിയുടെയും തോളിൽ തൂങ്ങി നബി(സ) ളുഹ്ർ നമസ്കാരത്തിന് പള്ളിയിലേക്ക് പുറപ്പെട്ടു. അന്നേരം ജനങ്ങൾ അബൂബക്റിന്റെ നേതൃത്വത്തിൽ നമസ്കാരത്തിലായിരുന്നു. തിരുമേനിയുടെ സാന്നിധ്യം മനസ്സിലാക്കിയ അബൂബക്ർ പിന്നോട്ട് നിൽക്കാനാഞ്ഞു. തിരുമേനിയാകട്ടെ പിന്തിരിയേണ്ടതില്ലെന്ന സൂചന നൽകി. തന്നെ ചുമന്നു നടക്കുന്നവരോടായി നബി പറഞ്ഞു: 'എന്നെ സിദ്ദീഖിന്റെ അടുത്തിരുത്തൂ.' സിദ്ദീഖിന്റെ ഇടതുവശത്തായി അവർ പ്രവാചകനെ ഇരുത്തി. അങ്ങനെ അബൂബക്ർ പ്രവാചകനെയും ജനങ്ങൾ അബുബക്റിനെയും മാതൃകയാക്കി നമസ്കാരം പൂർത്തീകരിച്ചു. പള്ളിയിൽ വെച്ച് ജനങ്ങൾക്ക് നേതൃത്വം കൊടുത്തുകൊണ്ടുള്ള റസൂലിന്റെ ഒടുവിലത്തെ നമസ്കാരമായിരുന്നു അത് (ഇബ്നു ഹിശാം, *സീറത്തുന്നബവിയ്യ*).

മരണത്തിന്റെ തലേന്നാൾ. പ്രവാചകൻ തന്റെ അടിമകളെ മോചിപ്പിച്ചു. കൈയിൽ സമ്പാദ്യമായി ആകെയുണ്ടായിരുന്ന ഏഴു ദീനാർ ദാനം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു: 'ഈ നാണയങ്ങളുമായി ദൈവത്തെ സന്ധിക്കാനിടയായിരുന്നെങ്കിൽ മുഹമ്മദ് തന്റെ നാഥനോട് എന്ത് ഉത്തരം പറയും?'. ആയുധങ്ങൾ മറ്റുള്ളവർക്ക് നൽകി. അന്നുരാത്രി വീട്ടിൽ വിളക്കുകത്തിക്കാനുള്ള എണ്ണ പോലുമില്ലാതിരുന്നതിനാൽ അയൽവാസിയിൽനിന്ന് കടം വാങ്ങേണ്ടി വന്നു. മരിക്കുമ്പോൾ അവിടുത്തെ പടയങ്കി മുപ്പത് സ്വാഅ് ബാർലിക്ക് ഈടായി ഒരു ജൂതന്റെ കൈയിൽ പണയത്തിലായിരുന്നു!(ബുഖാരി). അതെ, ക്ഷണികമായ ഭൗതിക വിഭവങ്ങളിൽ ഒന്നും ആർക്കും അവശേഷിപ്പിക്കാതെയായിരുന്നു പ്രവാചക ശൃംഖലയുടെ അവസാനത്തെ കണ്ണിയും ഈ ലോകത്തോട് വിടപറഞ്ഞത്. ഈ ലോകത്തേക്ക് വന്നപോലെ ഇവിടുന്ന് അദ്ദേഹം തിരിച്ചു പോയി. ഔദാര്യത്തിന്റെയും ഐഹിക ജീവിത വിരക്തിയുടെയും അതുല്യ മാതൃക എന്നന്നേക്കുമായി അവശേഷിപ്പിച്ചുകൊണ്ട്.

## അവസാന ദിവസം

ഹി: 11-ാം വർഷം റബീഉൽ അവ്വൽ 12 തിങ്കൾ, പ്രവാചകന്റെ ജീവിതത്തിലെ അവസാന ദിവസം. മുസ്ലിംകൾ അബൂബക്റിന്റെ നേതൃത്വത്തിൽ സുബ്ഹ് നമസ്കരിച്ചുകൊണ്ടിരിക്കെ, അല്പം ആശ്വാസം തോന്നിയ നബി(സ) ആഇശയുടെ വീട്ടിൽനിന്ന് പള്ളിയിലേക്കുള്ള കവാടത്തിൽ തൂക്കിയിരിക്കുന്ന വിരി നീക്കിക്കൊണ്ട് അവരെ നോക്കി. വടിവൊത്ത ആ സ്വഫ്ഫുകൾ കണ്ട് അവിടുന്ന് മന്ദസ്മിതം തൂകി. അന്നേരം റസൂൽ നമസ്കാരത്തിന് വരുന്നു എന്നു കരുതി അബൂബക്ർ പിറകോട്ടുനീങ്ങി അണിയിലേക്ക് ചേരാനൊരുങ്ങി. തിരുമേനിയെ കണ്ട സന്തോഷത്തിൽ നമസ്കാരം തന്നെ അലങ്കോലപ്പെടുമോ എന്ന അവസ്ഥ സംജാതമായി. പക്ഷേ, തിരുമേനി അവരോട് നമസ്കാരം പൂർത്തിയാക്കാൻ കൈകൊണ്ട് സൂചന നൽകി. അബൂബക്റിന്റെ വലതുവശത്തിരുന്ന് പ്രവാചകനും നമസ്കാരത്തിൽ പങ്കുകൊണ്ടു.

നമസ്കാരാനന്തരം അനുചരന്മാരെ അഭിമുഖീകരിച്ച് പള്ളിയുടെ പുറത്തുള്ളവർക്കുകൂടി കേൾക്കാവുന്നത്ര ഉച്ചത്തിൽ നബി(സ) പറഞ്ഞു: 'ജനങ്ങളേ, തീ കൊളുത്തപ്പെട്ടു കഴിഞ്ഞു. തമോമയമായ നിശാഖണ്ഡങ്ങൾ പോലുള്ള നാശങ്ങൾ വരാനിരിക്കുന്നു. അല്ലാഹുവാണ, ഞാനതിന് ഉത്തരവാദിയല്ല. ഖുർആൻ അനുവദനീയമാക്കിയതല്ലാതെ ഒന്നും ഞാൻ അനുവദനീയമാക്കിയിട്ടില്ല. ഖുർആൻ നിഷിദ്ധമാക്കിയതല്ലാതെ ഒന്നും ഞാൻ നിഷിദ്ധമാക്കിയിട്ടുമില്ല. ശവകുടീരങ്ങൾ ആരാധനാ കേന്ദ്രങ്ങളാക്കിയ ജനതക്ക് നാശം!.... (മുഹമ്മദ് ഹൈക്കൽ, *ഹയാതു മുഹമ്മദ്*). പ്രവാചക ജീവിതത്തിലെ ഒടുവിലത്തെ നമസ്കാരമായിരുന്നു അത്, ഒടുവിലത്തെ പ്രസംഗവും. അതിലും ആ പ്രവാചകൻ വേപഥുകൊള്ളുന്നത്, താൻ വിട്ടേച്ചു പോകുന്ന അനുയായികളെ കുറിച്ചാണ്. തന്റെ കാലശേഷം അവർ വഴി പിഴക്കാതിരിക്കാൻ, വരാനിരിക്കുന്ന കുഴപ്പങ്ങളെ കുറിച്ച് അവർക്ക് മുന്നറിയിപ്പു നൽകുന്നു. താൻ പ്രവാചകനും പ്രബോധകനുമായി നിയോഗിക്കപ്പെട്ടതിനുശേഷം തന്റെ ദൗത്യനിർവഹണത്തിൽ വല്ല വീഴ്ചയും സംഭവിച്ചിട്ടുണ്ടോ എന്ന ചിന്തയും അന്നേരം അദ്ദേഹത്തെ മഥിക്കുന്നുണ്ടായിരുന്നു.

നമസ്കാരാനന്തരം, തങ്ങളുടെ പ്രിയ നേതാവിന്റെ അസുഖം ഭേദമാകുന്നു എന്നുകണ്ട് സ്വഹാബത്ത് ഓരോരുത്തരായി സ്ഥലം വിട്ടുകൊണ്ടിരുന്നു. അബൂബക്റും ഉമറും നബിയുടെ അനുമതിയോടെ തങ്ങളുടെ വീടുകളിലേക്ക് തിരിച്ചു. ■

(തുടരും)